കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ജനുവരി<br>JANUARY 18 | 2018 |
|---|---|

ശബരിമല പത്രക്കുറിപ്പ്



മീഡിയ സെന്റർ ഫോൺ : 04735-202664

ww.prd.kerala.gov.in, prdsannidanam2018@gmail.com

# നെയ്യഭിഷേകത്തിന് സമാപ്തി;
# 19ന് കൂടി ദർശനം

ശബരിമല: ശ്രീധർമശാസ്താ ക്ഷേത്രത്തിലെ മകരവിളക്ക് മഹോത്സവ കാലത്തെ നെയ്യഭിഷേകം, വ്യാഴാഴ്ച രാവിലെ 11 മണിയോടെ പന്തളം കൊട്ടാരത്തിൽനിന്നുള്ള മുദ്രയിലെ, നെയ്യഭിഷേകത്തോടെ സമാപിച്ചു. ഇതിന് ശേഷം, പന്തളം രാജപ്രതിനിധി തൃക്കേട്ട തിരുനാൾ രാജരാജവർമയുടെ സാന്നിധ്യത്തിൽ അയ്യപ്പന് ദേവസ്വം വക കളഭാഭിഷേകം നടത്തി. തുടർന്ന് മാളികപ്പുറത്തെത്തിയ രാജപ്രതിനിധി, മണിമണ്ഡപത്തിലെ നിവേദ്യങ്ങൾ പൂജിച്ച മാളികപ്പുറം മേൽശാന്തി അനീഷ് നമ്പൂതിരിയ്ക്ക് ദക്ഷിണ നൽകി. അതിനു ശേഷം കളഭസദ്യ നടന്നു. തിരുവാഭരണം ചാർത്തിയുള്ള ദർശനവും സമാപിച്ചു.  ഭക്തജന പ്രവാഹം തുടരുകയാണ്.

19ന് രാത്രി 10 മണി വരെ, ഇരുമുടിക്കെട്ടേന്തി പതിനെട്ടാംപടി കയറി ദർശനം നടത്താം. നെയ്യഭിഷേകം ഇല്ലാത്തതിനാൽ, നെയ്ത്തോണിയിൽ നെയ്യ് സമർപ്പിക്കാം. 19ന് രാത്രി 10 മണിക്ക് ഹരിവരാസനം പാടി നടയടച്ച ശേഷം മാളികപ്പുറത്ത് ഗുരുതിപൂജ നടക്കും. 20ന് രാവിലെ ആറിന് നട തുറന്ന് ഗണപതി ഹോമത്തിന് ശേഷം 6.30ന് പന്തളം രാജപ്രതിനിധി തൃക്കേട്ട തിരുനാൾ രാജരാജവർമ്മ ദർശനം നടത്തും. മേൽശാന്തി നടയടച്ച് രാജപ്രതിനിധിക്ക് താക്കോൽ കൈമാറും. രാജപ്രതിനിധി അടുത്ത ഒരു വർഷത്തേക്കുള്ള

ചെലവിനായി ഒരു കിഴി പണവും ക്ഷേത്രത്തിൻെറ താക്കോലും മാനേജരെ ഏൽപ്പിക്കും. പതിനെട്ടാംപടിയ്ക്ക് താഴെവെച്ചാണ് ഈ ചടങ്ങ് നടക്കുക. തിരുവാഭരണങ്ങൾ അതിനു മുമ്പായി തിരിച്ച് കാൽനടയായി പന്തളം കൊട്ടാരത്തിലേക്ക് എഴുന്നള്ളിക്കും.

(പി.ആർ. ശബരി 481)

## മകരവിളക്കിനെഴുന്നള്ളത്തുകൾ 18ന് രാത്രി സമാപിക്കും

ശബരിമല: മകരവിളക്ക് മഹോത്സവത്തിന്റെ പ്രധാന ചടങ്ങുകളായ വിളിനെഴുന്നള്ളത്തുകളും കളമെഴുത്തുപാട്ടും ജനുവരി 18ന് രാത്രി സമാപിക്കും. മകരസംക്രമ ദിവസം മുതൽ അഞ്ചുദിവസമാണ് മാളികപ്പുറം മണിമണ്ഡപത്തിൽ കളമെഴുത്തും പാട്ടും അവിടെനിന്ന് വിളക്കിനെഴുന്നള്ളത്തുകളും നടക്കുന്നത്. കഴിഞ്ഞ നാലുദിവസം പതിനെട്ടാം പടിവരെയായിരുന്നു എഴുന്നള്ളത്ത്. 18ന് അത് ശരംകുത്തിയിലേയ്ക്കാണ്.

എല്ലാദിവസവും സന്ധ്യാ ദീപാരാധനയ്ക്ക് ശേഷമാണ് മണിമണ്ഡപത്തിൽ കളം വരയ്ക്കാൻ തുടങ്ങുക. അത്താഴപൂജയ്ക്ക് മുമ്പ് പൂർത്തിയാകും. ശ്രീ അയ്യപ്പന്റെ വിവിധ ഭാവങ്ങളിലുള്ള രൂപങ്ങളാണ് കളത്തിൽ വരയ്ക്കുന്നത്. ചിന്മുദ്ര പ്രതിഷ്ഠ, പുലിവാഹനനായ അയ്യപ്പൻ, തിരുവാഭരണ വിഭൂഷിതനായ അയ്യപ്പൻ എന്നിങ്ങനെ. ചുണ്ണാമ്പും കളിമണ്ണും ചേർത്തു   ാക്കുന്ന ചെമന്നപൊടി, അരിപ്പൊടി, മഞ്ഞൾപ്പൊടി, വാകപ്പൊടി, ഉമിക്കരി എന്നിവ കൊ   ാണ് വരയ്ക്കുന്നത്. കളമെഴുതുന്നതും പാട്ടുപാടുന്നതും ആചാരപ്രകാരം റാന്നി, കുന്നയ്ക്കാട്ട് കുറുപ്പന്മാരാണ്. ജെ അജിത്കുമാർ, ജെ ജയകുമാർ, ജെ രതീഷ്കുമാർ എന്നിവരാണ് ഇപ്പോൾ ഇത് നിർവഹിച്ചു പോരുന്നത്.

അത്താഴപൂജയ്ക്ക് ശേഷമാണ് വിളക്കിനെഴുള്ളത്ത്. പന്തളം കൊട്ടാരത്തിൽ നിന്നും തിരുവാഭരണത്തോടൊപ്പം കൊ   ുവന്ന അയ്യപ്പന്റെ തിടമ്പ്, കൊടി, നെറ്റിപ്പട്ടം എന്നിവയാണ് എഴുന്നള്ളത്തിൽ ഉപയോഗിക്കുന്നത്. വാദ്യമേളങ്ങളുടേയും ദീപങ്ങളുടേയും അകമ്പടിയോടെ എഴുന്നള്ളത്ത് പതിനെട്ടാംപടിയിലെത്തി നിൽക്കുമ്പോൾ നായാട്ടുവിളി നടത്തും. ശ്രീ അയ്യപ്പചരിതം പ്രത്യേക ഈണത്തിൽ ചൊല്ലുന്നതാണ് നായാട്ടുവിളി. ആചാരപ്രകാരം ഇതിനുള്ള അവകാശം രാമചന്ദ്ര സ്വാമിക്കും കുടുംബത്തിനുമാണ്. എഴുന്നള്ളത്ത് തിരിച്ചെത്തുമ്പോൾ മാളികപ്പുറം മേൽശാന്തി, അരവണ നിവേദ്യവും ഉണ്ണിയപ്പവും കളത്തിൽ നിവേദിക്കും. തുടർന്ന് കേശാദിപാദം പാടി കളം മായ്ക്കും.

മകരവിളക്കിന്റെ ര   ാംദിവസം അമ്പലപ്പുഴ സംഘം, ആലങ്ങാട് യോ

ഗം എന്നിവ നടത്തുന്നതും മേൽപ്പറഞ്ഞവയും ഉൾപ്പടെ, ആകെ ഏഴ് എഴുന്നള്ളത്തുകളാണ് മാളികപ്പുറത്തുനിന്നും നടത്തുന്നത്.

(പി.ആർ. ശബരി 482)

## 4.7 ലക്ഷം രൂപ പിഴയീടാക്കി

ശബരിമല: പുകയില ഉൽപ്പന്നങ്ങൾ കൈവശം വെച്ചതിന് സന്നിധാനം എക്സൈസ് റെയിഞ്ച് ഓഫീസിന്റെ പരിധിയിൽ വരുന്ന പ്രദേശങ്ങളിൽനിന്നും ഈ ഉത്സവകാലത്ത് 2048 കേസുകളിലായി 4,07,000 രൂപ പിഴ ഈടാക്കിയതായി, എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ കെ കെ അനിൽകുമാർ അറിയിച്ചു. നാല് ലിറ്റർ മദ്യം, 16 ഗ്രാം കഞ്ചാവ് എന്നിവയുമായി വ്യാജസ്വാമിമാരായി എത്തിയ ര ുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി. ആകെ 50 കിലോഗ്രാമിലധികം പുകയില ഉൽപ്പന്നങ്ങളാണ് പിടികൂടിയതെന്ന് സി.ഐ അറിയിച്ചു.

(പി.ആർ. ശബരി 483)

